# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4842 04/07/2012 ൽ മറുപടിക്ക്

**പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. എം.ഉമ്മർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 മെയ് 31 വരെ വിവിധ വകുപ്പുകളിൽ നിന്ന് എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 31.05.2012വരെ ആകെ 49208 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇവയിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി ലിസ്റ്റ് നിലവിൽ വരാനുണ്ട് ; | (ബി) ഒഴിവുകൾ നികത്താൻ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) പി.എസ്.സി ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ഇപ്പോൾ ദിവസ വേതന നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വകുപ്പുകളിലെ സ്ഥിരം തസ്തികകളിൽ ദിവസവേതനക്കാർ ജോലി ചെയ്തുവരുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) സംവരണ സമുദായത്തിൽപ്പെട്ടവരുടെ കുറവു മൂലം ഏതെല്ലാം തസ്തികകളിൽ അഡ്വൈസ് ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്? | (ഡി) 2011 - 12 സാമ്പത്തിക വർഷത്തിൽ സംവരണ സമുദായത്തിന്റെ അഭാവം മൂലം നികത്താൻ കഴിയാതെപോയ തസ്തികകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**